**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1211**

**05/03/2018 ൽ മറുപടിക്ക്**

## അടഞ്ഞ് കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ

**ചോദ്യം**

**ശ്രീമതി.യു.പ്രതിഭ ഹരി**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**

**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് അടഞ്ഞ് കിടക്കുന്ന എത്ര കശുവണ്ടി ഫാക്ടറികളാണ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞത് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് ആറ് മാസത്തിനുള്ളിൽ കശുവണ്ടി വികസന കോർപറേഷന്റെ 30 ഫാക്ടറികളും കാപെക്സിന്റെ 10 ഫാക്ടറികളും തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ പകുതിയിൽ കൂടുതൽ ഫാക്ടറികളും സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞു കിടന്നിരുന്നു. എന്നാൽ സർക്കാരിന്റെ നിരന്തര ഇടപെടലിനെ തുടർന്ന് ബഹുഭൂരിപക്ഷം ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കുന്നുണ്ട്. |
| (ബി) | കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി, കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുകയും ധനസഹായം ചെയ്യുന്നതുമായ കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**കശുമാവ് പുതുകൃഷി:-** കർഷകരിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവിൻതൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് രണ്ടാം കൊല്ലം നിബന്ധയ്ക്ക് വിധേയമായി 60 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു. |

| | | | |
|---|---|---|---|
| | | | **കശുമാവ് തോട്ടം:-** 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ ഹെക്ടറിന് 13000 രൂപ നിലം ഒരുക്കുന്നതിനും നൽകുന്നു.<br>**മുറ്റത്തൊരു കശുമാവ്:-** അത്യുല്പാദന ശേഷിയുള്ളതും ഉയരത്തിൽ വളരാത്തതുമായ കശുമാവ് ഗ്രാഫ്റ്റുകൾ സ്കൂൾ കുട്ടികൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ മുഖാന്തിരം നൽകി വരുന്നു.<br>2017 ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്തായി 3,50,000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്.<br>സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി വരുന്നു.<br>കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്.<br>കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കശുമാവ് കൃഷി വികസന ഏജൻസിയും സംയുക്തമായി ആർ പി എൽ, ബി ബി എസ്റ്റേറ്റ് പുനലൂർ, ചെമ്പണ്ണൂർ ഹൈസ്കൂൾ, പുനലൂർ എന്നിവിടങ്ങളിലും കശുമാവ് കൃഷി ആരംഭിച്ചിട്ടുള്ളതാണ്. കശുമാവ് കൃഷി യുടെ പ്രാധാന്യവും കൃഷിയുടെ പ്രോത്സാഹനവും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി കശുവണ്ടി വികസന |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ മുൻകൈയെടുത്ത് ഒരു കശുമാവ് കർഷക മീറ്റും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ